LIBRARY ARCHIVES Kerala Legislative Assembly

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) കേരള ഭൂപരിഷ്കരണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം ഇളവനുവദിച്ച തോട്ടഭൂമി, തോട്ടമായി നിലനിർത്താത്ത അവസരങ്ങളിൽ കേരള ഭൂപരിഷ്കരണ നിയമത്തിലെ സെക്ഷൻ 87 പ്രകാരം താലൂക്ക് ലാന്റ് ബോർഡുകൾക്ക് നടപടി സ്വീകരിക്കാവുന്നതും ടി ഭൂമികൂടി ഉൾപ്പെടുത്തി ഡിക്ലറന്റിനെതിരെ സീലിംഗ് നടപടികൾ ആരംഭിക്കാവുന്നതുമാണ്. അപ്രകാരം താലൂക്ക് ലാന്റ് ബോർഡുകൾ പരിശോധിച്ച് മിച്ചഭൂമിയായി പ്രഖ്യാപിച്ചാൽ ടി ഭൂമി കേരള ഭൂപരിഷ്കരണ നിയമപ്രകാരം ഭൂരഹിത കർഷക തൊഴിലാളികൾക്ക് വിതരണം ചെയ്യാവുന്നതുമാണ്.

## റവന്യൂ അദാലത്ത്

156 (1234) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ നടത്തിയ റവന്യൂ അദാലത്തിൽ എത്ര പരാതികളാണ് ലഭിച്ചതെന്നുള്ളതിന്റെ താലൂക്ക് തലത്തിലുള്ള വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇതിൽ എത്ര പരാതികളിൽ തൽസമയ പരിഹാരം ഉണ്ടാക്കാൻ സാധിച്ചെന്ന് വ്യക്തമാക്കുമോ;

(സി) ഇനി തീർപ്പുകൽപ്പിക്കാനുള്ള പരാതികൾ എത്രയെന്നും തീർപ്പു കൽപ്പിക്കുന്നതിനുള്ള കാലതാമസം എന്താണെന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ) വയനാട് ജില്ലയിൽ നടത്തിയ റവന്യൂ അദാലത്തിൽ ലഭിച്ച പരാതികളുടെ താലൂക്ക് തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു:

| | | |
|---|---|---|
| സുൽത്താൻബത്തേരി താലൂക്ക് | - | 622 |
| മാനന്തവാടി താലൂക്ക് | - | 356 |
| വൈത്തിരി താലൂക്ക് | - | 970 |

(ബി) നാളിതുവരെ വൈത്തിരി താലൂക്കിൽ 622 അപേക്ഷകളും സുൽത്താൻ ബത്തേരി താലൂക്കിൽ 533 അപേക്ഷകളും മാനന്തവാടി താലൂക്കിൽ 313 അപേക്ഷകളും തീർപ്പാക്കിയിട്ടുണ്ട്.

(സി) വൈത്തിരി താലൂക്കിൽ 348 അപേക്ഷകളും ബത്തേരി താലൂക്കിൽ 89 അപേക്ഷകളും മാനന്തവാടി താലൂക്കിൽ 43 അപേക്ഷകളും തീർപ്പാക്കാൻ ബാക്കിയുണ്ട്. ഇവയിൽ എല്ലാ അപേക്ഷകളിന്മേലും നടപടി തുടർന്നുവരുന്നു. പട്ടയ വിതരണം, അതിർത്തി നിർണ്ണയം, സബ്ഡിവിഷൻ തുടങ്ങിയ കേസുകളിലുള്ള സാങ്കേതിക കാരണങ്ങളാണ് പരാതികൾ തീർപ്പുകല്പിക്കുന്നതിനുള്ള കാലതാമസത്തിന് കാരണം.

## റവന്യൂ വകുപ്പിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ

157 (1235) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് ബഡ്ജറ്റുകളിലായി റവന്യൂ വകുപ്പിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ ഏതെല്ലാമാണ് ;

(ബി) ഓരോ പദ്ധതിക്കും ഓരോ ബഡ്ജറ്റിലും വകയിരുത്തിയ തുക എത്ര; പദ്ധതികളുടെ നടത്തിപ്പിനായി ഖജനാവിൽ നിന്നും പിൻവലിക്കപ്പെട്ട തുക എത്ര ;

(സി) ഈ അഞ്ച് ബഡ്ജറ്റുകളിലായി പ്രഖ്യാപിച്ചതിൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ലാത്ത പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) അനുബന്ധം 'എ'* ആയി കൊടുത്തിരിക്കുന്നു.

(സി) പ്രഖ്യാപിത പദ്ധതികളെല്ലാം നടപ്പിലാക്കിവരുന്നു.

## റവന്യൂ വകുപ്പിന്റെ ഭൂമി എക്സൈസ് വകുപ്പിന് വിട്ടുനൽകുന്നതിന് നടപടി

158 (1236) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് താലൂക്കിലെ പുളക്കോട് വില്ലേജിൽ റവന്യൂ വകുപ്പിന്റെ കൈവശമുള്ള ഭൂമിയിൽ നിന്ന് 30.6 സെന്റ് സ്ഥലം എക്സൈസ് വകുപ്പിന് കെട്ടിടം നിർമ്മിക്കാൻ വിട്ടു നൽകുന്നത് സംബന്ധിച്ച നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

കോഴിക്കോട് താലൂക്കിലെ പുളക്കോട് വില്ലേജിൽ റവന്യൂ വകുപ്പിന്റെ കൈവശമുള്ള ഭൂമിയിൽ നിന്ന് 30.6 സെന്റ് സ്ഥലം എക്സൈസ് വകുപ്പിന് വിട്ടുനൽകുന്നത് സംബന്ധിച്ച ശിപാർശ സർക്കാരിൽ ലഭ്യമായിട്ടില്ല

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly